## നിലവിലെ സ്ഥിതി

അടാട്ട് ഗ്രാമപഞ്ചായത്തിലെ പ്രധാന ജല സ്രോതസ്സ് കിണറാണ്. പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം ആകെ 6620 കിണറുകളാണ് നിലവിലുള്ളത്. കൂടാതെ പഞ്ചായത്തിൽ 539 കുഴൽകിണറുകൾ ഉപയോഗിച്ചു വരുന്നു. കേരള ജല അതോറിറ്റിയുടെയും അടാട്ട് പഞ്ചായത്തിന്റെയും ഗുണഭോക്തൃ സമിതികളുടേയും നേതൃത്വത്തിലാണ് അടാട്ട് ഗ്രാമപഞ്ചായത്തിൽ നിലവിൽ കുടിവെള്ള പദ്ധതികളുള്ളത്. പൊതുയിടങ്ങളിലായി 294 ടാപ്പുകളിലൂടെ വെള്ളം നൽകുന്നു. അടാട്ട് പഞ്ചായത്തിലെ 1, 2, 6, 9, 12, 14 എന്നീ വാർഡുകളിലൊഴികെ ബാക്കി 12 വാർഡുകളിലുമായി 21 ഓളം ജലവിതരണ പദ്ധതികൾ നിലവിലുണ്ട്. ഇതിൽ 11 പദ്ധതികൾ പഞ്ചായത്തിന്റെ കീഴിലും ബാക്കിയുള്ളവ ഗുണഭോക്തൃ സമിതികളുടേതുമാണ്. എല്ലാ പദ്ധതികളുടെയും ജലസ്രോതസ്സ് കിണർ അല്ലെങ്കിൽ കുഴൽ കിണർ ആണ്. ഏപ്രിൽ, മെയ് മാസങ്ങളിലെ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുമ്പോൾ ഈ കുടുംബങ്ങൾ കുടിവെള്ളത്തിനായി ജലവിതരണത്തെ ആശ്രയിക്കാറുണ്ട്. സാമൂഹിക സാമ്പത്തിക സർവ്വേയുടെ വിവരങ്ങൾ അപഗ്രഥിച്ചതിൻ പ്രകാരം എല്ലാ വാർഡിലേയും - ജനങ്ങൾക്കും സ്വന്തം കോമ്പൌണ്ടിൽ തന്നെ കുടിവെള്ളം ലഭ്യമാണ്. കൂടാതെ - ജനങ്ങൾക്കും 1-6 മണിക്കൂർ വരെയും അതിനു മുകളിലും ജലവിതരണം ലഭ്യമാണ്.

കിണർ വെള്ളത്തെ ആശ്രയിച്ചാണ് ജനജീവിതം മുന്നോട്ടു പോകുന്നതെങ്കിലും കേരള ജല അതോറിറ്റിയുടെ വാട്ടർ കണക്ഷനുകൾ കൂടുതൽ വീടുകളിലേയ്ക്ക് എത്തിക്കുന്നതിലൂടെ ജലലഭ്യതയും ഗുണനിലവാരവും ഉറപ്പു വരുത്തുവാൻ സാധിക്കും. ജലക്ഷാമം നേരിടുന്ന വാർഡുകളിൽ ജലവിതരണത്തിന് പ്രത്യേക പദ്ധതി ആവശ്യമാണ്. നിലവിലുള്ള ജലപദ്ധതി കൾ ശാസ്ത്രീയമായ വിധത്തിൽ പുനഃക്രമീകരിക്കുന്നതിന് വേണ്ട നടപടികളും ആവശ്യമായി കാണുന്നു.

## വാണിജ്യ മേഖല

അടാട്ടെ പ്രധാന വാണിജ്യകേന്ദ്രം മുതുവറ ജംഗ്ഷനും അമല ജംഗ്ഷനും ആണ്. രണ്ടാം ക്രമത്തിൽ വരുന്നവ ചിറ്റിലപ്പിള്ളി ജംഗ്ഷനും അടാട്ട് മാർക്കറ്റ് ജംഗ്ഷനും ആണ്. മുതുവറ ജംഗ്ഷനും അമല ജംഗ്ഷനും SH 69 തൃശ്ശൂർ - കുന്നംകുളം റോഡിനോട് ചേർന്നാണ് ഉള്ളത്. അമല സെന്ററിൽ തൃശ്ശൂർ - കുറ്റിപ്പുറം റോഡ്, ചിറ്റിലപ്പിള്ളി റോഡ്, ചൂരക്കാട്ടുകര എന്നീ പ്രധാന റോഡുകൾ സംഗമിക്കുന്നു. അതുമൂലം ഇവിടെ പതിവായി ഗതാഗത കുരുക്ക് സംഭവിക്കുന്നുണ്ട്.

റോഡുകളുടെ On street പാർക്കിങ്ങ് അമല ജംഗ്ഷനിൽ ധാരാളമായി കാണുന്നുണ്ട്. അമല ജംഗ്ഷനിൽ ഏകദേശം 160 വാണിജ്യ സ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നതായി കാണാം. അടാട്ടിലെ മറ്റൊരു ഒന്നാം ക്രമ വാണിജ്യ കേന്ദ്രമായ മുതുവറയിൽ അടാട്ട് റോഡ്, ചൂരക്കാട്ടുകര റോഡ് തുടങ്ങിയ റോഡുകൾ കൂടിച്ചേരുന്നു. മുതുവറയിൽ ഏകദേശം 200 ൽ പരം വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. വഴിയോരത്തുള്ള വാഹന പാർക്കിങ്ങ് ഇവിടെയും ധാരാളമായി കാണുന്നുണ്ട്. അടാട്ട് ജംഗ്ഷനിൽ ഏകദേശം അറുപതോളം കടകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റെല്ലാ പ്രദേശങ്ങളെപ്പോലെ അടാട്ട് പഞ്ചായത്ത് പ്രദേശത്തും വഴിയോര കച്ചവടം ഗതാഗത സൗകര്യത്തേയും കാൽനടക്കാരെയും ബാധിക്കുന്നുണ്ട്.

അടാട്ടിലെ വഴിയോര കച്ചവടക്കാരുടെ ക്ഷേമവും ജീവനോപാധികളും സംരക്ഷിക്കുന്നതിനായി പ്രത്യേക തെരുവോര ചന്തകൾ നിർമ്മിക്കുകയും വ്യത്യസ്തങ്ങളായ ഉൽപ്പന്നങ്ങൾ വിൽക്കുന്ന എല്ലാ തെരുവ് കച്ചവടക്കാരെയും അവർക്കാവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഒരു കടക്കീഴിൽ കൊണ്ടുവരുന്നതിലൂടെ നിരവധി ആളുകൾക്ക് അവരുടെ തൊഴിൽ രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള അവസരമൊരുങ്ങും. അടാട്ട് പഞ്ചായത്തിൽ നിലവിൽ സ്വകാര്യ പള്ളിയുടെ ഉടമസ്ഥതയിൽ മത്സ്യ മാംസ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. അതിനടുത്തായി സർവ്വേ നമ്പർ 15ൽ പച്ചക്കറിമാർക്കറ്റ് വിഭവനം ചെയ്യുന്നു. പഞ്ചായത്ത് തലത്തിലുള്ള മാർക്കറ്റ് , പാർക്കിംഗ് ലഭ്യത കുറവ് പഞ്ചായത്ത് തലത്തിൽ പരിഹരിക്കൽ, വാണിജ്യ മേഖലകളിലും മതിയായ വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കൽ . കാർഷിക ഉത്പന്നങ്ങൾ, കാർഷികാനുബന്ധ ഉല്പന്നങ്ങൾ, കടിൽ വ്യവസായ വൈവിധ്യവത്കരണ ഉല്പന്നങ്ങൾ എന്നിവയുടെ വിപണനത്തിനായി ഗ്രാമ പഞ്ചായ ത്തിന്റെ ഉടമസ്ഥതയിൽ വാണിജ്യ വിപണന കേന്ദ്രങ്ങൾ ആരംഭിക്കൽ എന്നിവ നടത്തി അടാട്ട് ഗ്രാമ പഞ്ചായത്തിന്റെ പ്രാദേശിക സാമൂഹ്യ സാമ്പത്തിക വികസനത്തെ പരിപോഷിപ്പിക്കേണ്ടതുണ്ട് .

## സാമൂഹിക പിന്നോക്കാവസ്ഥ

2011 ലെ സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ ജനസംഖ്യയുടെ 12.44 % (3979) പേരാണ് പട്ടികജാതി വിഭാഗത്തിൽപെട്ടവരായി ഉള്ളത്. എസ്.ടി വിഭാഗത്തിൽ ഉൾപ്പെടുന്നവർ നാമമാത്രമാണ്. 1996 ലെ കണക്കനുസരിച്ച് പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയിൽ 8%

പട്ടികജാതിയിൽപെട്ടവരായിരുന്നു. അവർക്കിടയിൽ പാർപ്പിടം, കുടിവെള്ളം, വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം വ്യാപകമായിരുന്നു. 2011 സെൻസസ് പ്രകാരം അടാട്ട് പഞ്ചായത്തിൽ 8, 11, 13 എന്നീ വാർഡുകളിലാണ് പട്ടിക വർഗ്ഗ ജനവിഭാഗങ്ങൾ കൂടുതലുള്ളത്. അടാട്ട് പഞ്ചായത്തിൽ ബി.പി.എൽ കുടുംബങ്ങൾ ഏകദേശം 33 ശതമാനമാണ്. പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗത്തിൽ സ്ഥിരം തൊഴിൽ ഉള്ളവരും സ്ഥിരവരുമാനം ഉള്ളവരും കുറവാണ്.

### പാർപ്പിട മേഖല

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. 1996 ലെ അവസ്ഥ പരിശോധിക്കുമ്പോൾ അന്ന് 10 വാർഡുകളിലായി 6693 വീടുകളാണ് ഉണ്ടായിരുന്നത്. ഒന്നിൽ കൂടുതൽ നിലകളുള്ള 903 വീടുകളും, 2208 കോൺക്രീറ്റ് വീടുകളും, ഓടിട്ട മേൽക്കൂരയുള്ള 3628 വീടുകളും, ഓലമേഞ്ഞ 418 വീടുകളും മറ്റുള്ളവ 235 എണ്ണവുമായിരുന്നു . പട്ടികജനവിഭാഗങ്ങളുടേതായി 13 അംഗീകൃത കോളനികളും, മിച്ചഭൂമി, അഞ്ച് സെന്റ്, നാല് സെന്റ് എന്നീ സെറ്റിൽമെന്റ് കോളനികൾ എട്ടെണ്ണവും ആയിരുന്നു. നിലവിൽ സേവനമേഖലയിൽ പണിയെടുത്തു ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതൽ ഉള്ളത്. 2011 സെൻസസ് പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിൽ 7781 കുടുംബങ്ങളാണ് താമസിക്കുന്നത്. പുഴയ്ക്കൽ ബ്ലോക്കിലെ മറ്റു പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ കുടുംബങ്ങളുടെ എണ്ണത്തിൽ അടാട്ട് രണ്ടാം സ്ഥാനത്താണ്. അടാട്ട് ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും ഏറ്റവും കൂടുതലായി കണ്ടുവരുന്നത് കോൺക്രീറ്റ് വീടുകളാണ്. എന്നാൽ ആമ്പക്കാട് (വാർഡ് നമ്പർ - 8), പാരിക്കാട് ( വാർഡ് നമ്പർ - 12 ), മാനിടം ( വാർഡ് നമ്പർ - 15 ), ഉടലക്കാവ് ( വാർഡ് നമ്പർ - 16 ), അടാട്ട് ( വാർഡ് നമ്പർ - 18 ) എന്നീ വാർഡുകളിൽ കുറഞ്ഞതരം അതായത് ഓട് / ഷീറ്റ് / ഓല / പുല്ല് എന്നീ വസ്തുക്കളാൽ മേൽക്കൂര നിർമ്മിച്ചിട്ടുള്ള വീടുകൾ 100 ന്‌ മുകളിൽ കണ്ടുവരുന്നു. അടാട്ട് ഗ്രാമപഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്തവർ 2.05 ശതമാനമാണ്. സാമൂഹിക സാമ്പത്തിക സർവേ പ്രകാരം 97.95 ശതമാനം ജനങ്ങളും സ്വന്തം ഗ്രഹങ്ങളിൽ വസിക്കുന്നവരാണ്.

അടാട്ട് ഗ്രാമപഞ്ചായത്തിൽ 10 ഹരിജൻ കോളനികളാണുള്ളത്. ഹരിജൻ കോളനികളിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൂലിപ്പണിയാണ്. ഓരോ കുടുംബത്തിന്റെയും ശരാശരി മാസ വരുമാനം 9000 രൂപയാണ്. ചെട്ടിക്കാട്, പരിക്കാട് കോളനികളിൽ ഓലമേഞ്ഞ വീടുകൾ കാണപ്പെടുന്നുണ്ട്. എല്ലാ കോളനികളിലും കോൺക്രീറ്റ് വീടുകളുണ്ടെങ്കിലും, ഓട് / ഷീറ്റ് മേഞ്ഞ

**വീട്ടുകളും കുറവല്ല. കോളനികളിലെ മിക്ക റോഡുകളോട് ചേർന്നും അഴുക്കുചാൽ ഇല്ല. ഇതു മഴക്കാലങ്ങളിലും മറ്റും വൃത്തിഹീനമായ സാഹചര്യവും സാംക്രമിക രോഗങ്ങൾ പകരുന്നതിനും കാരണമാകുന്നു. കൂടാതെ തെരുവുവിളക്കുകളും അപര്യാപ്തമാണ്. കുടിവെള്ള വിതരണത്തിന്റെ അപര്യാപ്തത കോളനിക്കാർ നേരിടുന്ന മറ്റൊരു ഭീമമായ പ്രശ്നമാണ്.**

വീട് വാസയോഗ്യമാക്കൽ – SC & ജനറൽ പദ്ധതിയിൽ പരമാവധി സബ്സിഡി തുക വകയിരുത്തിയാൽ ഗുണഭോക്താക്കൾക്ക് വീടിന്റെ പരമാവധി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കും. ഒരു തവണ ടി ധനസഹായം ലഭിച്ച ഗുണഭോക്താവിന് എട്ടുവർഷത്തിനുശേഷമേ വീണ്ടും ഈ ധനസഹായം ലഭിക്കുകയുള്ളൂ അതുപോലെ ഭൂരഹിത ഭവന രഹിതർക്ക് ലൈഫ് പദ്ധതിയിൽ ഭൂമി വാങ്ങുന്നതിനുള്ള തുക അപര്യാപ്തമാണ്. തൃശ്ശൂർ കോർപ്പറേഷനോട് ചേർന്നുകിടക്കുന്ന ഗ്രാമപഞ്ചായത്തിൽ ഭൂമിവില അധികമായതിനാൽ ഗുണഭോക്താക്കൾക്ക് ടി സബ്സിഡി തുകയ്ക്ക് ഭൂമി കണ്ടെത്തുവാൻ സാധിക്കുകയില്ല. ഗ്രാമപഞ്ചായത്ത് ഭൂമി കണ്ടെത്തി ഭവനസമുച്ചയം നിർമ്മിക്കുകയാണെങ്കിൽ നല്ലൊരു വിഭാഗം ഗുണഭോക്താക്കൾക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ സാധിക്കുന്നതാണ്.

**ഹരിജൻ കോളനികളിലെ വീട്ടുകളിലെ ഘടനാപരമായ സ്ഥിതി വിശേഷം കണക്കിലെടുത്താൽ 16 ശതമാനത്തോളം കുറഞ്ഞതരം അതായത് ഓട് / ഷീറ്റ് / ഓല / പുല്ല് എന്നീ വസ്തുക്ക ളാൽ മേൽക്കൂര പണിതവയാണ്.**

## അടാട്ട് ഗ്രാമപഞ്ചായത്തിലെ ഹരിജൻ കോളനികളുടെ വിശദാംശങ്ങൾ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | പട്ടികജാതി കോളനിയുടെ പേര് | ജനസംഖ്യ |
|---|---|---|---|
| 3 | ചിറ്റിലപ്പിള്ളി ഗ്രൗണ്ട് | ലക്ഷംവീട് കോളനി | 80 |
| | | എസ്.സി കോളനി | 88 |
| 6 | പുത്രക്കാട്ടുകര | ലക്ഷംവീട് കോളനി | 96 |
| 8 | ആമ്പക്കാട് | ചെറിങ്ങോട് കോളനി | 220 |
| 11 | പുറനാട്ടുകര | ലക്ഷംവീട് കോളനി | 104 |
| 12 | പരിക്കാട് | പരിക്കാട് കോളനി | 340 |
| 16 | ഉടലക്കാവ് | കന്നംപുറം കോളനി | 132 |
| | | ലക്ഷംവീട് കോളനി | 72 |
| | | തിപ്പള്ളി കോളനി | 225 |
| 18 | അടാട്ട് | കന്നംപുറം കോളനി | 80 |
| | ആകെ | | 1437 ആളുകൾ |

### ഊർജ്ജ മേഖല

അടാട്ട് ഗ്രാമപഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്നത് പുല്ലഴിയിൽ സ്ഥിതി ചെയ്യുന്ന 110 kV സബ്സ്റ്റേഷൻ, പറപ്പൂരിൽ സ്ഥിതി ചെയ്യുന്ന 33 KV സബ്സ്റ്റേഷൻ എന്നിവ മുഖാന്തിരം ആണ്. ഇവിടെ നിന്നും 11 k ലൈനുകളായ പുറനാട്ടുകര ഫീഡർ, അടാട്ട് ഫീഡർ, ചിറ്റിലപ്പിള്ളി ഫീഡർ എന്നിവയാണ് അടാട്ട് ഗ്രാമപഞ്ചായത്തിൽ വൈദ്യുതി വിതരണത്തിനായി ഉപയോഗിക്കുന്നത്. 1996 ലെ അവസ്ഥ പരിശോധിക്കുമ്പോൾ അന്ന് പഞ്ചായത്തിലെ പല പ്രദേശങ്ങളും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അഭിമുഖീകരിച്ചിരുന്നതായി കാണുവാൻ കഴിയും പഞ്ചായത്ത് കാർഷികമേഖല ആയത് കൊണ്ടുതന്നെ കാർഷിക ഉപഭോഗം കൂടുതലായിരുന്നു. ഗാർഹിക മേഖലയിൽ 4771 കണക്ഷനുകളും, കാർഷികമേഖലയിൽ 4771 കണക്ഷനുകളും വ്യാവസായിക മേഖലയിൽ 163 കണക്ഷനുകളും വാണിജ്യ മേഖലയിൽ 459 കണക്ഷനുകളുമാണ് ഉണ്ടായിരുന്നത്. പഞ്ചായത്തിലെ 81 % വീടുകളും വൈദ്യുതി

കരിച്ചവയായിരുന്നു 950 ബൾബുകളും 130 ട്യൂബുകളുമാണ്. തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ചിരുന്നത്. പല പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ലായിരുന്നു. തെരുവു വിളക്കുകൾ പലതും കാര്യക്ഷമമായിരുന്നില്ല. ഭൂരിഭാഗം ആളുകളും പാചകാവശ്യത്തിനായി വിറകാണ് ഉപയോഗിച്ചിരുന്നത്. മൊത്തം ഉപയോഗത്തിന്റെ 6 % മാത്രമാണ് പാചക വാതക ഉപയോഗം ഉണ്ടായിരുന്നത്. നിലവിൽ പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യുതി സൗകര്യം ഉണ്ട്. അതുകൊണ്ടു തന്നെ സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിച്ച ഗ്രാമപഞ്ചായത്താണ് അടാട്ട് ഗ്രാമപഞ്ചായത്ത്. അടാട്ട് ഗ്രാമപഞ്ചായത്തിലെ 97.68 % വീടുകളിൽ ഗ്യാസ് കണക്ഷൻ ഉണ്ടെന്നാണ് സാമൂഹിക സാമ്പത്തിക സർവേ റിപ്പോർട്ടുകൾ കാണിക്കുന്നത്. 85.7% വീടുകളിൽ വിറകും, 5.93 % വീടുകളിൽ മണ്ണെണ്ണയും ഇന്ധനമായി ഉപയോഗിക്കുന്നു. 2.06% വീടുകളിൽ മാത്രമേ വൈദ്യുതി പാചക ആവശ്യങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്നുള്ളൂ.

കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ ദാരിദ്ര്യലഘൂകരണം ഒരു പരിധി വരെ സാധ്യമാവുന്നതാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ അടിസ്ഥാന സൌകര്യങ്ങൾ (ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം ) ഉറപ്പാക്കേണ്ടതുണ്ട്. അടാട്ട് പഞ്ചായത്തിൽ വനിതാ പദ്ധതികൾ രൂപീകരിക്കുകയും, യുവാക്കൾക്കും, വനിതകൾക്കും തൊഴിൽ പരിശീലനം ലഭ്യമാക്കി സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനം യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. ചെറുകിട വ്യവസായ മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കി ഉല്പന്നങ്ങളുടെ വിപണനത്തിനും സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. അടാട്ടിലെ മുഴുവൻ ജനങ്ങൾക്കും സാമൂഹിക/ഭൗതിക-സാമ്പത്തിക പശ്ചാത്തല സൗകര്യ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്.

ഹരിജൻ കോളനികളിലെ ഭൌതിക സൌകര്യങ്ങൾ മെച്ചപ്പെടുത്തി ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകതയാണ് കാണുന്നത്. കോളനി നിവാസികൾക്കെല്ലാം വാസയോഗ്യമായ ഭവനങ്ങളും അടിസ്ഥാന സൌകര്യങ്ങളും ഉറപ്പുവരുത്തേണ്ടതും അത്യന്താപേക്ഷിതമാണ്. പാർപ്പിട മേഖലയിൽ പൊതുവായി നിലനിൽക്കുന്ന വൈദ്യുതി, കുടിവെള്ളം, സാനിറ്റേഷൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവ്. ദുർബല വിഭാഗങ്ങളുടെ വീടുകളുടെ നിലവാരമില്ലായ്മ,

മതിയായ കളിസ്ഥലങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയുടെ അഭാവം എന്നിവയും പരിഹരിക്കപ്പെടേണ്ടതുണ്ട്.

**വിനോദ സഞ്ചാര മേഖല**

തൃശ്ശൂർ സ്വരാജ് റൗണ്ടിൽ നിന്നും ഏകദേശം 6 കിലോമീറ്റർ ദൂരം വടക്ക പടിഞ്ഞാറോട്ട് വന്നാൽ കായൽപരപ്പുകളാലും, കോൾനിലങ്ങളാലും,പുഞ്ചപ്പാടങ്ങളാലും അതിരിട്ട് കിടക്കുന്ന, പ്രകൃതിരമണീയമായ ഭൂവിഭാഗമായ അടാട്ടെത്തുകയായി. കോൾപ്പടവുകൾ ഒരു ചങ്ങല പോലെ അടാട്ട് പഞ്ചായത്തിനെ ചുറ്റികിടക്കുന്നു എന്ന് പറയാം.

മാമലനാടിന്റെ ഹരിത സൌന്ദര്യം ഒറ്റനോട്ടത്തിൽ കാണിച്ചു തരുന്ന വിലങ്ങൻകുന്ന് ടൂറിസ്റ്റുകേന്ദ്രം ഈ പഞ്ചായത്തിന്റെ പൈതൃക സമ്പത്താണ്. പണ്ട് കാലത്ത് ബ്രിട്ടീഷ് പട്ടാളത്തിലേക്കുള്ള തിരഞ്ഞെടുപ്പുകേന്ദ്രവും നിരീക്ഷണ കേന്ദ്രവുമായിരുന്നു വിലങ്ങൻകുന്ന്. ഇത് വിലങ്ങൻകുന്നിന്റെ ചരിത്രപരമായ ബന്ധം വ്യക്തമാക്കുന്നു. ഏകദേശം 80 മീറ്ററോളം പൊക്കമുള്ള പ്രകൃതിസുന്ദരമായ വിലങ്ങൻകുന്നിൽ 30 മീറ്റർ പൊക്കം വരെ ചെറിയ ചായ്‌വിലുള്ള സമതലങ്ങളുണ്ട്. അവിടുന്നങ്ങോട്ട് 60 ഡിഗ്രി ചെരിവ് ആരംഭിക്കുകയും, ക്രമേണ ഇത് 75 – 80 ഡിഗ്രി വരെ കുത്തനെയുള്ള കയറ്റമായി മാറുന്നു. കുന്നിൻറെ നെറുകയിൽ 43 ഏക്കർ വിസ്തീർണ്ണത്തിലുള്ള പരന്ന മൈതാനമാണുള്ളത്. വിനോദ സഞ്ചാരികൾക്കായി ഇവിടെ ഒരു ഔട്ട് ഡോർ തിയ്യറ്റർ ഉണ്ട്. കുട്ടികൾക്കായി ഒരു ചെറിയ പാർക്കും, അടാട്ട് ഗ്രാമപഞ്ചായത്തും ജില്ലാ ടൂറിസം പ്രമോഷൻ കൌൺസിലുമാണ് നവീകരണ പദ്ധതികൾ നടത്തിയത്. നിലവിൽ ജില്ലാ ടൂറിസം പ്രമോഷൻ കൌൺസിലിന്റെ കീഴിലുള്ള വിലങ്ങൻകുന്ന് വിനോദ സഞ്ചാര കേന്ദ്രത്തിൻറെ വികസനത്തിനായി സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് 2005 വർഷത്തിൽ 25 ലക്ഷം രൂപയും, 2016 വർഷത്തിൽ 2 കോടി രൂപയും അനുവദിക്കുകയും, ആയതിൻറെ അടിസ്ഥാനത്തിൽ അടിസ്ഥാന സൌകര്യ വികസന പ്രവൃത്തികളും, സൌന്ദര്യവത്ക്കരണ പ്രവൃത്തികളും പൂർത്തിയാക്കുകയും ചെയ്തു. വിലങ്ങൻ കുന്നിൻറെ മുകളിൽ നിന്നും ചുറ്റും നോക്കിയാൽ കിഴക്ക് സഹ്യപർവ്വതനിരകൾ, പെരുമല, തയ്യൂർ കോട്ട, പടിഞ്ഞാറ് അറബിക്കടൽ, തൃശ്ശൂർ നഗരം തുടങ്ങി വിവിധ സ്ഥലങ്ങളും കാഴ്ചകളും വ്യക്തമായി കാണാം. ഈ പ്രത്യേകതകൾ വിലങ്ങൻകുന്നിന്റെ സാമൂഹികവും സാംസ്കാരികവുമായ ബന്ധം വ്യക്തമാക്കുന്നു. അടാട്ടിന്റെ തെക്ക പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്ന കുറ്റൂർ പാറ കോൾപാടങ്ങളുടെ സാന്നിധ്യം കൊണ്ടും ജലാശയങ്ങൾ കൊണ്ടും സമ്പന്നമാണ്.

പരിസ്ഥിതിയ്ക്കു വിഘാതമാവാത്ത രീതിയിൽ വിലങ്ങൻ കുന്ന് വിനോദ സഞ്ചാര മേഖല നവീകരിക്കുകയും, അടാട്ട് കുന്നിൽ Eco tourism ആസൂത്രണം ചെയ്യാവുന്നതുമാണ്. വിലങ്ങൻ കുന്നിലേക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് റോഡിന്റെ വശങ്ങളിലായി തെരുവ് വിളക്കുകളും വിശ്രമിക്കാനുള്ള ഇരിപ്പിടങ്ങളും Wooden Guard Rails എന്നിവ ഒരുക്കാവുന്നതാണ്. (കൈയ്യേറ്റം ഒഴിവാക്കാനാകും). അടാട്ട് കുന്ന് നിലവിൽ സ്വകാര്യ ഉടമസ്ഥതയിലാണ്. ഇക്കോ ടൂറിസത്തിന് വളരെ സാധ്യതയുള്ള പ്രദേശമാണ്. പ്രകൃതി ദൃശ്യഭംഗി ആസ്വദിക്കാൻ സാധിക്കുന്ന ഒരു സ്ഥലമായതു കൊണ്ടുതന്നെ ടൂറിസം വികസിപ്പിച്ചെടുത്താൽ പഞ്ചായത്തിന് ഒരു മുതൽക്കൂട്ടാകും. അടാട്ട് കുന്നിന് പുറകുവശത്തായി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഗ്രൗണ്ട് നിലനിൽക്കുന്നുണ്ട്. നല്ലൊരു പാർക്കും ഇവിടെ വിഭാവനം ചെയ്യാവുന്നതാണ്. വിനോദ സഞ്ചാര മേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രാമുഖ്യം നൽകുന്ന ഒരു പഞ്ചായത്തായി അടാട്ടിനെ രൂപപ്പെടുത്താവുന്നതാണ്. വിശാലമായ കോൾ പാടങ്ങളുടെ സാന്നിധ്യവും മനോഹരമായ പ്രകൃതി ദൃശ്യങ്ങളും അടാട്ടിന്റെ മുതൽക്കൂട്ടാണ്.

Eco tourism, Kole circult tourism എന്നിവയുടെ ഭാഗമായി വിലങ്ങൻ കുന്നിന് പുറമേ പ്രകൃതിസുന്ദരമായ അടാട്ട് കുന്ന്, ബോട്ടിങ്ങിനായി ഒട്ടേറെ വിനോദസഞ്ചാരികളെ ആകർഷിച്ചിരുന്ന പുഴയ്ക്കൽ കോൾ ടൂറിസം മേഖല , ആമ്പക്കാട്, കണ്ണിക്കുളംപാടം തുടങ്ങി വിസ്തൃതമായ കോൾ പാടശേഖര ശൃംഖല, മുള്ളൂർക്കായൽ, ചിറ്റിലപ്പിള്ളി കിഴക്കുമുറിയിലെ മിനി റിസോർട്ട് എന്നിവയുമായി യോജിപ്പിച്ചുകൊണ്ടുള്ള പ്രകൃതി സൗഹാർദ്ദപരമായ ഉൾക്കാഴ്ചയോടെയുള്ള മികച്ച സൗകര്യങ്ങൾ, ടൂറിസം സർക്യൂട്ട് പാക്കേജുകൾ എന്നിവ ഒരുക്കുവാനായാൽ മലനാടിന്റെയും ഇടനാടിന്റെയും സമ്മിശ്ര സൗന്ദര്യം വേണ്ടുവോളമുള്ളതും നഗരത്തോട് ചേർന്നുകിടക്കുന്നതുമായ അടാട്ട് ഗ്രാമപഞ്ചായത്തിന് ടൂറിസം മേഖല യിൽ അനന്തമായ സാദ്ധ്യതകളാണുള്ളത്. മേൽപ്പറഞ്ഞ വിനോദ സഞ്ചാര മേഖലകളിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകാർക്ക് വേണ്ട അടിസ്ഥാന സൌകര്യങ്ങളായ ഗതാഗതം, പാർക്കിങ്ങ്, താമസം, ഭക്ഷണം എന്നിവയിലുള്ള പോരായ്മകൾ പരിഹരിച്ച് അടാട്ട് ഗ്രാമത്തെ ഒരു വിനോദസഞ്ചാര ഇടത്താവളമാക്കാവുന്നതാണ്. സൈക്കിൾ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി പാടശേഖരത്തിലെ ബണ്ടുകളിലൂടെ സൈക്കിൾ ടൂർ സവാരി നടത്തുവാനുള്ള കൂടുതൽ സൗകര്യങ്ങൾ, പോയിന്റുകളുടെ പേര്, പ്രാധാന്യം, ദിശാസൂചിക എന്നിവ കാണിക്കുന്ന ബോർഡുകൾ ഒരുക്കാവുന്നതാണ്. സീസണൽ ടൂറിസം ആയതിനാൽ കരകൗശല വസ്തു വിൽപ്പനശാലകളും ഒരുക്കി കരകൗശല വില്പനശാലകളും കർഷകർക്ക്

ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യവും ഒരുക്കാവുന്നതാണ്. അങ്ങിനെ അടാട്ടിലെ ഗ്രാമീണർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുവാനാകും.



വിലങ്ങൻ കുന്ന്

**പുഴയ്ക്കൽ ടൂറിസം ഇടനാഴി**

തൃശ്ശൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന കോൾ പാടശേഖരങ്ങൾ സംസ്ഥാനത്തിന്റെ പ്രധാന നെല്ലുല്പാദനമേഖല എന്നതിലുപരി സംസ്ഥാനത്തിന്റെ ഏറ്റവും വലുതും അത്യധികം ഉൽപ്പാദനക്ഷമതയുള്ളതും ഭീഷണി നേരിടുന്നതുമായ തണ്ണീർത്തടങ്ങളിൽ ഒന്നാകുന്നതും റംസാർ സൈറ്റായി പ്രഖ്യാപിക്കപ്പെട്ട് ദേശാടന പക്ഷികളുടെ മധ്യേഷ്യൻ സഞ്ചാരപാതയിൽ വരുന്നതുമാണ്. പക്ഷികളുടെ എണ്ണത്തിൽ, ഇന്ത്യയിലെ മൂന്നാമത്തെ വലിയ തണ്ണീർ ത്തടമാണ് തൃശ്ശൂർ കോൾ തണ്ണീർത്തടങ്ങൾ. ബേർഡ് ലൈഫ് ഇന്റർനാഷണലിന്റെ ഇന്ത്യ യിലെ പ്രധാനപ്പെട്ട പക്ഷി പ്രദേശങ്ങളിലൊന്നായി ഇതിനെ അംഗീകരിച്ചിട്ടുണ്ട്. കോൾ നിലങ്ങൾ ദേശാടന പക്ഷികളടക്കമുള്ള വിപുലമായ പക്ഷി സമ്പത്തിന്റെയും പാരമ്പര്യ മത്സ്യ ങ്ങളുടെയും അപൂർവ്വയിനം തുമ്പികൾ, സസ്യങ്ങൾ എന്നു തുടങ്ങി ജൈവവൈവിദ്ധ്യത്തി

ന്റെയും കലവറയാണ്. പ്രസ്തുത കോൾമേഖലയുടെ തനത് പ്രകൃതിസൗന്ദര്യവും, ജൈവ വൈവിധ്യമേഖലകളും ഉൾപ്പെടെയുള്ള ടൂറിസം സാദ്ധ്യതകളെ ഉപയോഗപ്പെടുത്തിയാണ് പുഴയ്ക്കൽ കോൾ ടൂറിസം ഇടനാഴി എന്ന ഉത്തരവാദിത്വ ടൂറിസം ആശയം മുന്നോട്ടുവയ്ക്കുന്നത് . തൃശ്ശൂർ സ്വരാജ് റൗണ്ടിൽ നിന്നും വെറും 5 കിലോമീറ്റർ മാത്രം ദൂരെ നഗരാതിർത്തിയിൽ സംസ്ഥാനപാതയിൽ പുഴയ്ക്കൽ പാലത്തിൽ നിന്നും നല്ല ജനശ്രദ്ധ കിട്ടുന്ന ഭാഗമാണിത് .

1. പുഴയ്ക്കൽ ടൂറിസം ഇടനാഴി വിഭാവനം ചെയ്യുന്നത് പുഴയ്ക്കലിൽ സംസ്ഥാനപാത–69 ൽ നിന്നും തെക്കോട്ട് പഞ്ചിക്കൽ പാലം വരെയുള്ള പുഴയ്ക്കൽ KLDC കനാലിന്റെ ഇരുകര കോൾ ബണ്ടുകളും ഉപയോഗപ്പെടുത്തിക്കൊണ്ടാണ്. ഇതിനായി ഇരുഭാഗത്തും ഒന്നര കിലോമീറ്ററായി ആകെ മൂന്നു കിലോമീറ്റർ നീളത്തിൽ സഞ്ചാരികൾക്കായി നടപ്പാത ഒരുക്കാവുന്നതാണ്. അതിനായി നിലവിലുള്ള ബണ്ടുകൾ തന്നെ സജ്ജമാക്കിയാൽ മതിയാകുന്നതാണ്. നഗരവുമായി ചേർന്നു കിടക്കുന്ന പ്രകൃതിരമണീയമായ വയൽ പ്രദേശമായതിനാൽ പ്രഭാത, സായാഹ്ന സവാരികൾക്ക് അനുയോജ്യമായതുമാണ് .




2. ഈ പാത സൈക്കിൾ ടൂറിസത്തിനായും ഉപയോഗപ്പെടുത്താവുന്നതാണ്. പുഴയ്ക്കൽ KLDC കനാലിന്റെ വലതുകര ബണ്ടിൽ നിന്നും കറുത്താണി കോൾ വഴി വലത്തോട്ടുള്ള പാതയും സൈക്കിൾ ടൂറിസത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്. കരിഞ്ഞാക്കൽ തുരുത്ത് ചുറ്റിവരുമ്പോൾ ഈ സർക്യൂട്ട് 3.5 കിലോമീറ്റർ വരും. അനുബന്ധ പാതയുടെ മാപ്പ് താഴെചേർക്കുന്നു.



3. ദൂരെ നിന്നും വരുന്ന സഞ്ചാരികൾക്കായി സൈക്കിൾ ചെറുതുകയ്ക്ക് വാടകയ്ക്ക് നൽകുന്ന സംവിധാനം ഒരുക്കാവുന്നതാണ് .

4. പുഴയ്ക്കൽ KLDC കനാലിന്റെ ഈ ഭാഗം ബോട്ടിങ്ങിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഫൈബർ പെഡൽ ബോട്ടുകൾക്ക് പുറമെ കയാക്കിങ്ങിനായി ബോട്ടുകൾ വാടകയ്ക്ക് നൽകുന്ന സംവിധാനം ഒരുക്കാവുന്നതാണ്.

5. പുഴയ്ക്കൽ ബണ്ടിന്റെ കനാൽ വശത്ത്- മന്ദാരം, ഉങ്ങ്, അശോകം പോലുള്ള തണൽ മരങ്ങളും, ചെടികളും , ഉയരം കുറഞ്ഞ തെങ്ങുകളും നട്ടുപിടിപ്പിച്ച് മനോഹരമാക്കാവുന്നതാണ്.

6. കോൾനിലങ്ങളുമായി ബന്ധപ്പെട്ട ആവാസവ്യവസ്ഥയുടെ പഠനത്തിനും നിരീക്ഷണത്തിനുമായി പുഴയ്ക്കലിൽ പ്രവേശനഭാഗത്ത് വിഭാവനം ചെയ്യുന്ന കോൾ വെറ്റ്ലാന്റ് ഇൻഫർമേഷൻ സെന്റർ ആണ് പദ്ധതിയുടെ മുഖമുദ്ര. ഇതിനായി ഹെറിറ്റേജ് സ്വഭാവത്തോടെ ഒരു ചെറിയ കെട്ടിടം സജ്ജമാക്കേണ്ടതുണ്ട്. ജനങ്ങളെ തണ്ണീർത്തടങ്ങളുടെ, വിശിഷ്യാ കോൾനിലങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് ബോധവാന്മാരാക്കുക, കോൾനിലങ്ങളിലെ ജൈവവൈവിദ്ധ്യത്തെപറ്റി പ്രദർശനങ്ങളും സെമിനാറുകളും മറ്റും നടത്തുക, ജനകീയ പങ്കാളിത്തത്തോടെ ഉത്തരവാദിത്ത ടൂറിസം പോലുള്ള പരിപാടികൾക്കുള്ള പിന്തുണാ സംവിധാനമായി പ്രവർത്തിക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള സ്ഥിരം സംവിധാനമാണിത്. പ്രദേശത്തെ പക്ഷി സമ്പത്ത്, ദേശാടന കാലം, അവയെ

സ്വാഭാവികമായി ദൃശ്യമാകുന്ന പോയിന്റുകൾ, മറ്റു ജീവജാലങ്ങളെയും കോളിലെ ഓരോ ഭാഗത്തെയും കുറിച്ചുള്ള വിവരങ്ങൾ, റൂട്ട് മാപ്പ്, ചിത്രശേഖരം, വീഡിയോ പ്രസന്റേഷനുകൾ എന്നിങ്ങനെ കോൾ മേഖലയുടെ ഒരു വിജ്ഞാന കേന്ദ്രമായി ഇതിനെ വിപുലീകരിക്കുവാൻ അനന്ത സാദ്ധ്യതകളാണുള്ളത്. നിലവിലുള്ള 3D തിയേറ്ററും, വിശാലമായ കോൾ പ്രദേശവും ഉപയോഗപ്പെടുത്തി സ്കൂൾ കുട്ടികൾക്ക് നമ്മുടെ തനത് ജൈവസമ്പത്തിനെകുറിച്ചും, കോൾ മേഖലയുടെ പാരിസ്ഥിതിക പ്രാധാന്യത്തെക്കുറിച്ചും അറിവുകൾ പകർന്നുനൽകാവുന്നതാണ് .

7. ഇൻഫർമേഷൻ സെന്ററിനോട് അനുബന്ധമായും, കോൾ പ്രദേശത്തും സ്ത്രീകൾ ഉൾപ്പെടുന്ന സഞ്ചാരികൾക്കായി വൃത്തിയുള്ള ടോയ്‌ലറ്റ് സൗകര്യം ഒരുക്കേണ്ടതാണ്.

8. ഇൻഫർമേഷൻ സെന്ററിൽ നിന്നും ഗൈഡുകളുടെ സേവനം സജ്ജീകരിക്കാവുന്നതാണ്.

9. ബണ്ടുകൾ കൂടിച്ചേരുന്ന ഭാഗങ്ങളിൽ ദിശാബോർഡുകൾ സ്ഥാപിക്കേണ്ടതാണ് .

10. പുഴയ്ക്കലിൽ പ്രവേശനഭാഗത്ത് സഞ്ചാരികൾക്കായുള്ള പാർക്കിങ് ഏരിയ ക്രമീകരിക്കേണ്ടതാണ്.

11. പള്ളിത്താഴം ഭാഗത്തും വടക്കുഭാഗത്തും നിലവിൽ ഇരിപ്പിടങ്ങൾ ഉള്ള സ്ഥലങ്ങൾക്ക് പുറമേ കോൾപ്രദേശത്ത് സാദ്ധ്യമായ ഇടങ്ങളിൽ കാർഷികപ്രവർത്തനങ്ങൾക്കും സഞ്ചാരത്തിനും തടസ്സമില്ലാത്തവിധം പുതിയ ഇരിപ്പിടങ്ങൾ ക്രമീകരിക്കാവുന്നതാണ്.

12. കോൾപ്രദേശത്ത് അടിയന്തിര ഘട്ടത്തിൽ പ്രയോജനപ്പെടുത്തുന്നതിനായുള്ള റെയിൻ ഷെൽട്ടറുകളും, കരപ്രദേശത്ത് ഓപ്പൺ ജിം, യോഗ സെന്റർ, പ്രാഥമിക ചികിത്സാ സൗകര്യം എന്നിവയും പരിഗണിക്കാവുന്നതാണ്.

13. ബോട്ടിങ്, സൈക്കിൾ വാടകയ്ക്ക് നൽകൽ എന്നിവയുടെ നടത്തിപ്പ് കരാർ അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെയാക്കാവുന്നതാണ്.

14. കൂടുതൽ നാടൻ മത്സ്യകുഞ്ഞുങ്ങളെ പുഴയ്ക്കൽ KLDC കനാലിൽ പദ്ധതി പ്രദേശത്ത് നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാവുന്നതാണ്.

15. റംസാർ സംരക്ഷിത തണ്ണീർത്തട പ്രദേശമായതിനാൽ കോൾപ്രദേശത്ത് രൂപാന്തര പ്രവർത്തികൾ അനുവദനീയമല്ല. അടിസ്ഥാനപരമായി കോൾ പാടശേഖരങ്ങളുടെ ഭാഗമായതിനാലും, മഴക്കാലത്ത് തൃശ്ശൂർ നഗരത്തിൽ നിന്നും മറ്റു വടക്ക്-കിഴക്കൻ ഭാഗങ്ങളിൽ നിന്നും ഏനാമാവ് റെഗുലേറ്റർ ഭാഗത്തേക്കുള്ള പ്രധാന ജലനിർഗ്ഗമന പാതയായതിനാലും ഏതൊരു പ്രവർത്തികളും മേൽ സംഗതികൾ കൂടി പരിഗണിച്ചും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന വിധത്തിലും

മാത്രം ആസൂത്രണം ചെയ്യേണ്ടതാണ് . ഇതിനായി പ്രദേശത്തെ കർഷകപ്രതിനിധികളുമായും, KLDC, തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ബയോ ഡൈവേഴ്സിറ്റി കമ്മിറ്റികൾ (BMC), പ്രാദേശികതല നിരീക്ഷണ സമിതികൾ (LLMC), ജനകീയ കൂട്ടായ്മകൾ, വാർഡ്തല സമിതികൾ എന്നിങ്ങനെ വിവിധതലങ്ങളിലും ചർച്ചകൾ ആവശ്യമാണ്. ടി തലങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും ഭേദഗതികളും ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

16. പ്രദേശത്ത് ,മഴക്കാലത്ത് കരകവിഞ്ഞുള്ള ജലനിർഗ്ഗമനപാതയ്ക്ക് കുറുകെയാണ് കോൾ ബണ്ടുകൾ എന്നതിനാൽ യാതൊരു കാരണവശാലും കോൾബണ്ടുകൾ ഉയർത്തി രൂപഭേദം വരുത്തുവാൻ പാടുള്ളതല്ല.

17. നടത്തക്കാർക്കും സൈക്കിൾ സവാരിക്കാർക്കും മറ്റു ചെറുജീവികൾക്കും അലോസരവും അപകടവും ഉണ്ടാക്കുന്നതായതിനാൽ, കാർഷിക വേളയിൽ കാർഷികാവശ്യത്തിനായുള്ള വാഹനങ്ങൾ ഒഴികെയുള്ള മോട്ടോർ വാഹനങ്ങളെ പദ്ധതിപ്രദേശത്ത് പുഴയ്ക്കൽ KLDC കനാലിന്റെ ഇരുബണ്ടുകളിലും കർശനമായി നിയന്ത്രിക്കേണ്ടതാണ് .

18. സ്ഥലത്തിന്റെ സ്വാഭാവിക ജൈവ പ്രാധാന്യം കൂടി കണക്കിലെടുത്തുള്ള വികസന പ്രവർത്തനങ്ങളാണ് സജ്ജമാക്കേണ്ടത്. ദേശാടനപക്ഷികൾ ഉൾപ്പെടെയുള്ളവയ്ക്ക് അലസോരമുണ്ടാക്കുന്ന ഹൈമാസ്റ്റ് ലൈറ്റുകൾ, മാലബൾബുകൾ എന്നിവ നിർബന്ധമായും ഒഴിവാക്കി നടപ്പാതയ്ക്കും, സൈക്കിൾ സവാരിക്കും അനുയോജ്യമായ വിധത്തിൽ തറനിരപ്പിൽ നിന്നും അധികം ഉയരത്തിൽ അല്ലാതെ ലൈറ്റുകൾ സജ്ജീകരിക്കാവുന്നതാണ്.

19. മാലിന്യ നിക്ഷേപത്തിനുള്ള സാദ്ധ്യത ഇല്ലാതാക്കുന്നതിനായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടതുണ്ട് . ഇതിനായി മുന്നറിയിപ്പ് സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. മാലിന്യങ്ങൾ യഥാസമയം നിർദ്ദിഷ്ട ഇടങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ ഹരിത കർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ് .

20. സഞ്ചാരികളുടെ സുരക്ഷ മുൻനിർത്തി പ്രദേശത്ത് ലഹരി ഉപയോഗം കർശനമായി നിയന്ത്രിക്കേണ്ടതാണ് .

## ശുചിത്വവും മാലിന്യ നിർമ്മാർജ്ജനവും

വർദ്ധിച്ചു വരുന്ന നഗര വൽക്കരണത്തിൻറെയും ജനങ്ങളുടെ ജീവിത ശൈലിയിലുണ്ടായ മാറ്റത്തിന്റെയും ഫലമായി ഖരമാലിന്യത്തിന്റെ തോത് ഓരോ വർഷവും ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. രണ്ടു തരം ഖര മാലിന്യങ്ങളാണ് ഉള്ളത്. ജൈവ മാലിന്യം (Bio degradable) "അജൈവ മാലിന്യം (Non-Bio- degradable) " ഭക്ഷണ പദാർത്ഥങ്ങൾ, പച്ചക്കറികൾ, കാർഷികോത്പ്പന്നങ്ങൾ, പ്രകൃതിദത്തമായ പദാർത്ഥങ്ങൾ കൊണ്ട് നിർമ്മിക്കുന്ന വസ്തുക്കൾ എന്നീ പ്രകൃത്യാ ജീർണ്ണിക്കുന്ന പദാർത്ഥ ങ്ങളിൽ നിന്നുള്ള മാലിന്യങ്ങളെയാണ് ജൈവ മാലിന്യങ്ങൾ എന്ന് പറയുന്നത്. പ്രകൃത്യാ ജീർണ്ണിക്കാതെ അവശേഷിക്കുന്ന പദാർത്ഥങ്ങൾ വസ്തുക്കൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങളെ അജൈവ മാലിന്യങ്ങൾ എന്നും പറയുന്നു. അജൈവ മാലിന്യങ്ങളെ വീണ്ടും രണ്ടായി തിരിക്കുന്നു. "Recyclable wastes", "Non-recyclable wastes". മനുഷ്യനും പരിസ്ഥിതിക്കും പരമാവധി ഉപദ്രവരഹിതമായി, മാലിന്യങ്ങൾ അഥവാ പാഴ്‌വസ്തുക്കളുടെ ശേഖരണം, വിനിമയം, സംസ്കരണം, മേൽനോട്ടം നടത്തൽ, നീക്കം ചെയ്യൽ പുനഃരുപയോഗം അല്ലെങ്കിൽ നശിപ്പിക്കൽ എന്നിവയും, അവയെ യഥാവിധി കൈകാര്യം ചെയ്യുന്നതും ആണ്. പാഴ്‌വസ്തു കൈകാര്യം അഥവാ മാലിന്യസംസ്കരണം ( Waste management ) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

## അടാട്ട് ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ ശേഖരണം / നീക്കം ചെയ്യൽ / സംസ്കരണം – മുൻകാല സംവിധാനങ്ങൾ

2006-07 വർഷങ്ങളിൽ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിലായി മാലിന്യം നിക്ഷേപിക്കുന്നതിനായി 25 പ്രദേശങ്ങളിൽ തകിട് ഷീറ്റ് കൊണ്ടുണ്ടാക്കിയ വീപ്പകൾ സ്ഥാപിച്ചിരുന്നു. ഏകദേശം 20 ഓളം കുടുംബശ്രീ പ്രവർത്തകർ പ്രതിദിനം 2 പ്രാവശ്യം മാലിന്യങ്ങൾ ടിപ്പർ ലോറി വഴി ഈ വീപ്പകളിൽ നിന്ന് ശേഖരിക്കുകയും പാരിക്കാട് കോളനിയുടെ പുറക ഭാഗത്തു സ്ഥിതി ചെയ്യുന്ന പാരിക്കാട് മാലിന്യ നിർമ്മാർജ്ജന പ്ലാന്റിൽ എത്തിക്കുകയും ചെയ്തിരുന്നു. പാരിക്കാട് പ്ലാന്റിൽ ശേഖരിക്കുന്ന മാലിന്യങ്ങളെ ജൈവ മാലിന്യങ്ങൾ, അജൈവ മാലിന്യങ്ങൾ എന്നിങ്ങനെ വേർതിരിക്കുകയും ഇതിൽ ജൈവ മാലിന്യങ്ങളെ മണ്ണിര കമ്പോസ്റ്റ് വഴി വളമാക്കി മാറ്റുകയും അജൈവ മാലിന്യങ്ങളെ "ഇൻസിനറേറ്ററിൽ കത്തിക്കുകയും ചെയ്തിരുന്നു. അജൈവ മാലിന്യങ്ങളിൽ നല്ല പ്ലാസ്റ്റിക് കഴുകി ഉണക്കി ഷഡ് ചെയ്യുന്ന സമ്പ്രദായവും , മണ്ണുത്തിയിൽ നിന്ന് മണ്ണിരയെ ലഭ്യമാക്കി, മണ്ണിര കമ്പോസ്റ്റ് വഴി മാലിന്യങ്ങളെ വളമാക്കി മാറ്റിയിരുന്ന സമ്പ്രദായവും ആണ് ആവിഷ്ക്കരിച്ചി രുന്നത് . എന്നാൽ മണ്ണിരകൾ നശിച്ചുപോകുന്ന പ്രവണതയെ തുടർന്ന് 2011-12 കാലയളവിൽ തകിട് ഷീറ്റ് വീപ്പകൾക്കു പകരമായി ഇഷ്ടിക കൊണ്ടുള്ള മാലിന്യ സംഭരണ യൂണിറ്റുകൾ സ്ഥാപിക്കുകയും, സാധാരണ കമ്പോസ്റ്റിംഗ് നടത്തിവരുകയും ചെയ്തു. പിന്നീടുള്ള കാലത്ത് മാലിന്യം സംസ്കരിക്കുന്നതിന് ചെറിയ പെട്ടികളിൽ ചാണകം, മാലിന്യം എന്നിവ ഇടവിട്ടി ടവിട്ട് പാളികളായി നിക്ഷേപിക്കുകയും 20 –30 ദിവസം കഴിയുമ്പോൾ തന്നെ ആവശ്യക്കാർ എത്തുകയും കൊടുക്കുകയുമാണ് ചെയ്തിരുന്നത്. ജൈവ മാലിന്യം ഉത്പാദിപ്പിക്കുന്നതിനായി ചാണകം ലഭിക്കുന്നതിന് പ്ലാൻറിൽ പശുക്കളെ വളർത്തുന്ന സമ്പ്രദായവും ആവിഷ്കരിച്ചിരുന്നു. എന്നാൽ കാലക്രമേണ പ്ലാന്റ് ശോച്യാവസ്ഥയിലാവുകയും പരിസരത്തുള്ള ജനങ്ങൾക്ക് കൂടുതൽ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന തരത്തിലേക്ക് മാറുകയും ചെയ്തു.

അടാട്ട് ഗ്രാമപഞ്ചായത്തിൽ ഖര ഗാർഹിക മാലിന്യ സംസ്കരണത്തിന് ഭൂരിഭാഗം ജനങ്ങളും (90 ശതമാനത്തിനു മുകളിൽ) സ്വന്തം പറമ്പുതന്നെയാണുപയോഗിക്കുന്നത്. 5.91 ശതമാനം പേർ മാലിന്യ സംഭരണ യൂണിറ്റുകളേയും 0.39 ശതമാനം ആളുകൾ തുറസ്സായ സ്ഥലങ്ങളേയും മാലിന്യ നിർമ്മാർജ്ജനത്തിനായി ആശ്രയിക്കുന്നു. ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തരത്തിലുള്ള മലിനജലം പുറന്തള്ളപ്പെടുന്നു. ഇതിന്റെ പ്രധാന സ്രോതസ്സുകൾ വ്യവസായശാലകൾ, വാണിജ്യസ്ഥാപനങ്ങൾ, വീടുകൾ, ആശുപത്രികൾ,

ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, അറവുശാലകൾ, മത്സ്യ-മാംസ മാർക്കറ്റുകൾ എന്നിവയാണ്. മലിനജല ഉറവിട സ്ഥാനങ്ങൾ മാറുന്നതിനനുസരിച്ച് അവയുടെ ഘടനയും വ്യത്യസ്തമായിരിക്കും. ദൈനംദിന പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന മലിനജലം പലപ്പോഴും യാതൊരുവിധ സംസ്കരണവും കൂടാതെ തുറസ്സായ സ്ഥലങ്ങളിലേക്കും ജലസ്രോതസ്സുകളിലേക്കും തുറന്നു വിടുന്നത് വ്യാപകമായ ജല മലിനീകരണത്തിനും പരിസര മലിനീകരണ ത്തിനും ഇടയാക്കുന്നു.

22/11/2021 തീയതിയിൽ അടാട്ട് ഗ്രാമപഞ്ചായത്തിലെ മാലിന്യപ്ലാന്റ് സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ ഹരിതകേരളമിഷൻ , ശുചിത്വമിഷൻ, പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ്, പഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികൾ എന്നവരെ പങ്കെടുപ്പിച്ച് ചേർന്ന അവലോകനയോഗത്തിൽ അടാട്ട് പഞ്ചായത്തിലെ മാലിന്യസംസ്കരണ രംഗത്ത് നില നിൽക്കുന്ന പോരായ്മകൾ വിശദമാക്കപ്പെട്ടു അവ ഇപ്രകാരമായിരുന്നു

1. ജൈവ അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ ശേഖരിക്കുവാനും സംസ്കരിക്കാനും നിലവിലെ സ്ഥലം വളരെ അപര്യാപ്തമാണ്.
2. ജൈവ അജൈവ മാലിന്യങ്ങൾ സർക്കാർ മാർഗനിർദേശ പ്രകാരം അല്ല ശേഖരിക്കുന്നത്.
3. പ്ലാസ്റ്റിക് മാലിന്യങ്ങൾ കടകളിൽ നിന്നും വീടുകളിൽ നിന്നും നേരിട്ട് അല്ല ശേഖരിക്കുന്നത് പൊതുസ്ഥലത്ത് ബിന്നുകൾ വച്ച് എല്ലാതരം മാലിന്യങ്ങളും കൂട്ടിക്കലർത്തി ശേഖരിക്കുന്നു.
4. ജൈവമാലിന്യങ്ങളും മറ്റു മാലിന്യങ്ങളുടെ കൂടെ കൂട്ടിക്കലർത്തിയാണ് ശേഖരിക്കുന്നത്.
5. പ്ലാസ്റ്റിക് മാലിന്യങ്ങൾ വളരെ കുറച്ചു മാത്രമേ ഇപ്പോൾ തരംതിരിക്കുന്നുള്ളൂ ബാക്കിയുള്ളതെല്ലാം കൂട്ടിക്കലർത്തി ഇൻസിനറേറ്ററില് കത്തിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്
6. നിലവിലുള്ള ഇൻസിനറേറ്ററിൽ ലീക്ക് ഉള്ളതു കാരണം അത് ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും പരിസരവാസികൾക്കും ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം. അടുത്തുള്ള ജലസ്രോതസ്സ് ഇതുമൂലം മലിനപ്പെടുന്നുണ്ട്
7. സ്ഥല കുറവ് ഉണ്ടായിട്ടും ഈ പ്ലാന്റിനുള്ളിൽ തന്നെ കന്നുകാലികളെ വളർത്തുന്നുണ്ട്.
8. ജൈവമാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാത്തതിനാൽ ഉൽപ്പാദിപ്പിക്കുന്ന വളത്തിന് ആവശ്യക്കാർ ഇല്ലാതെ ഈ പ്ലാന്റ് സമീപം തന്നെ കുന്നുകൂടി കിടക്കുക യാണ്.

9. ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ ആരോഗ്യ സംബന്ധമായ കാര്യങ്ങളിലോ വരുമാനത്തിലോ പഞ്ചായത്തിന്റെ ഇടപെടൽ സാധ്യമാകുന്നില്ല
10. അജൈവ മാലിന്യ ശേഖരണത്തിന് സർക്കാർ നിർദ്ദേശപ്രകാരം ആവശ്യമുള്ളത്ര ഹരിതകർമസേന അംഗങ്ങളെ പഞ്ചായത്തിൽ തിരഞ്ഞെടുത്തിട്ടില്ല .

താഴെപറയുന്ന പരിഹാരനിർദ്ദേശങ്ങൾ യോഗം നിർദ്ദേശിക്കുകയുണ്ടായി

1. പ്ലാസ്റ്റിക്ക് കത്തിക്കുന്നതിനായി പ്ലാന്റിൽ പ്രവർത്തിക്കുന്ന ഇൻസിനറേറ്റർ ഒഴിവാക്കേണ്ടതാണ്.
2. കന്നുകാലികളെ വളർത്തുന്നതും ഒഴിവാക്കാവുന്നതാണ്
3. പ്ലാന്റിലും പരിസരത്തും സൂക്ഷിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ തരംതിരിക്കാൻ ആകാത്തവ (ലെഗസി വേസ്റ്റ്) ശാസ്ത്രീയ സംസ്കരണത്തിന് ഏജൻസിക്ക് കൈമാറേണ്ടതാണ്
4. ഉൽപ്പാദിപ്പിച്ചിട്ടുള്ള വളം ആവശ്യമുള്ളവർക്ക് കൈമാറാം. കഴിഞ്ഞില്ലെങ്കിൽ അത് ലെഗസി വേസ്റ്റായി അംഗീകൃത ഏജൻസിക്ക് കൈമാറേണ്ടതാണ്
5. ജൈവ അജൈവ മാലിന്യങ്ങൾ വീട്ടുകളിൽ നിന്നും കടകളിൽ നിന്നും നേരിട്ട് പ്രത്യേകം ശേഖരിക്കണം (യൂസർ ഫീ വാങ്ങണം). ബിൻ ഉപയോഗിച്ച് പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നത് ഒഴിവാക്കണം
6. നിലവിലുള്ള സ്ഥലത്ത് തന്നെ MCF (പ്ലാസ്റ്റിക് ശേഖരണ കേന്ദ്രം 1000 SQFT) ജൈവമാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ നിർമിക്കാനാകും
7. നിർമ്മാണം നടക്കുന്ന കാലയളവിൽ (ഏകദേശം മൂന്ന് മാസം) ജൈവമാലിന്യങ്ങൾ മുൻ സൂചന പോലെ ഹരിത കർമ്മ സേന വഴി വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ വാങ്ങി ശേഖരിക്കാവുന്നതാണ് നിർമ്മാണം പൂർത്തിയാകുന്നതു വരെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒരു താൽക്കാലിക കെട്ടിടത്തിൽ ശേഖരിച്ച് തരംതിരിച്ച് ഏജൻസിക്ക് കൈമാറുന്നതാണ്. ഇപ്രകാരം സ്വീകരിക്കുന്നതിന് പഞ്ചായത്തിലെ രണ്ടാം വാർഡിലെ പഞ്ചായത്ത് കെട്ടിടം പര്യാപ്തമാണ്
8. പുതിയ പ്ലാന്റ് നിർമ്മാണം തുടങ്ങുന്നത് മുതൽ പൂർത്തിയാകുന്നതുവരെ ജൈവ അജൈവ മാലിന്യങ്ങളെ ശേഖരണവും സംസ്കരണവും പഞ്ചായത്ത് കമ്മിറ്റി ഉടൻ ചർച്ച ചെയ്യുകയും ജനപ്രതിനിധികൾ വഴി പൊതു ജനങ്ങളെ ബോധവൽക്കരിക്കേണ്ട തുമാണ്. വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, ഹോട്ടൽ, മറ്റു അനുബന്ധ

സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവരുമായി രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായും ഈ കാര്യങ്ങൾ ഉടൻ ചർച്ചചെയ്ത് ബോധ്യപ്പെടുത്തേണ്ടതുണ്ട്.

9. പുതിയ MCF ൽ അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം ഉണ്ടാകേണ്ടതാണ് ജലലഭ്യതയുള്ള ടോയ്ലറ്റ്, കറണ്ട്, ബെയിലിങ്ങ് മെഷീൻ, സോർട്ടിംഗ് ടേബിൾ എന്നിവ പുതിയ MCF ജൈവ സംസ്കരണ പ്ലാന്റ് എന്നിവയുടെ രൂപരേഖയും എസ്റ്റിമേറ്റും ഈ കത്തിൽ നിർദ്ദേശിച്ചിട്ടുള്ള മാറ്റങ്ങൾ പരിഗണിച്ച് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് എത്രയും പെട്ടെന്ന് തീരുമാനമെടുക്കേണ്ടതും പ്രസ്തുത പദ്ധതി LSGD AE മുഖേന തയ്യാറാക്കി ഡിപിസി ക്ക് കൈമാറേണ്ടതുമാണ്. ഈ പദ്ധതിയുടെ സാങ്കേതിക അനുമതിക്ക് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് സമർപ്പിക്കാവുന്നതാണ്.
10. പദ്ധതി തയ്യാറാക്കുന്നതിന് സാങ്കേതിക സഹായത്തിന് ചുമതലപ്പെടുത്തിയ നിർവഹണ ഏജൻസിയുടെ എൻജിനീയറെ പഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്

ഇതിന്റെ അടിസ്ഥാനത്തിൽ അശാസ്ത്രീയമായ മാലിന്യസംസ്കരണ രീതികൾ ഉടച്ചുവാർക്കുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതിനായി അടാട്ട് ഗ്രാമപഞ്ചായത്ത് മാലിന്യ സമാഹരണ സംസ്കരണ രംഗത്ത് "അടാട്ട് പച്ച" എന്ന പേരിൽ ഒരു പുതിയ മാതൃക രൂപീകരിക്കപ്പെട്ടു. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിരുന്ന മാലിന്യ സമാഹരണ കേന്ദ്രങ്ങളിൽ പൊതുജനങ്ങൾ മാലിന്യങ്ങൾ കൊണ്ട് വന്ന് നിക്ഷേപിക്കുന്ന രീതി നിർത്തലാക്കി. കുടുംബശ്രീ പ്രവർത്തകർ മാലിന്യങ്ങൾ കൈ കൊണ്ട് വേർതിരിക്കുന്ന രീതിയും അജൈവ മാലിന്യങ്ങൾ കത്തിക്കുന്ന രീതിയും നിർത്തലാക്കി തൊഴിലാളികളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതും പരിസ്ഥിതിക്ക് തകരാർ ഉണ്ടാക്കുന്നതും നിയമ വിരുദ്ധവും ആയതിനാലാണ് ഈ രീതികൾ ഉപേക്ഷിക്കുവാൻ നിർബന്ധിതമായത് .നിലവിൽ സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ള നിയമാനുസൃത രീതിയായി, വീടുകളിൽ നിന്ന് അജൈവ മാലിന്യങ്ങൾ സമാഹരിക്കുന്നതിനായി ഹരിത കർമ്മസേന രൂപീകരിക്കുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്ത് 2022 ജനുവരി 15 മുതൽ പഞ്ചായത്ത് പ്രദേശത്തെ വീടുകളിൽ നിന്നും അജൈവ മാലിന്യ ശേഖരണത്തിനായി

നിയോഗിക്കുകയും ചെയ്തു . ആദ്യ ഘട്ടത്തിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങളാണ് ശേഖരിക്കുന്നത് . ഒരു നിശ്ചിത യൂസർ ഫീ ഈടാക്കിയാണ് കച്ചവട കേന്ദ്രങ്ങൾ, ഹോട്ടലുകൾ, ഫ്ലാറ്റുകൾ, എന്നിവയിൽ നിന്നും എല്ലാതരം മാലിന്യങ്ങളും തരം തിരിച്ച് സമാഹരിച്ചുപോരുന്നത് . ജൈവ മാലിന്യങ്ങൾ വീട്ടുകളിൽ തന്നെ സംസ്കരിച്ച് വളമാക്കുന്നതിന് ആവശ്യമായ സഹായം പഞ്ചായത്ത് ചെയ്തു കൊടുക്കുന്നുമുണ്ട് .



ബഹു. MLA സേവ്യർ ചിറ്റിലപ്പിള്ളി ഹരിത കർമ്മസേന ഫ്ലാഗ് ഓഫ് ചെയ്യുന്നു.

സ്വന്തം മാലിന്യ സ്വന്തം ഉത്തരവാദിത്വം എന്ന അവബോധം ജനങ്ങളിൽ സൃഷ്ടിച്ചെടുക്കുന്നത് വഴി മാത്രമേ പൊതു ഇടങ്ങളിലെ അശാസ്ത്രീയ മാലിന്യ നിക്ഷേപം പരിഹരിക്കാനാവുകയുള്ളൂ .പാരിക്കാട് മാലിന്യ സംസ്കരണ പ്ലാന്റ് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നവീകരിക്കേണ്ടത് അത്യാവശ്യമാണ്. പ്രദേശത്തെ റോഡ് നിർമ്മാണത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ( Shredded plastic from Parikkad plant ) ഉപയോഗിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കുവാൻ സഹായിക്കും.

പഞ്ചായത്തിലെ അജൈവ മാലിന്യ സംഭരണത്തിന് സംവിധാനം

- കച്ചവടസ്ഥാപനങ്ങൾ, മാർക്കറ്റ്, കോഴിഫാം മറ്റ് ഫാമുകൾ എന്നിവിടങ്ങളിലെ ജൈവ മാലിന്യം, കമ്പോസ്റ്റ് ജൈവവളം ആക്കിമാറ്റുന്നതിനുള്ള വിന്റോ എയറോബിക് പദ്ധതി

- ശാസ്ത്രീയമായ എം.ആർ.എഫ്, എം.സി.എഫ് സംവിധാനങ്ങൾ സ്ഥിരവരുമാനമുള്ള ഹരിത കർമ്മസേന
- മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ ,
- മാലിന്യം ഉറവിടത്തിൽ തരം തിരിക്കൽ പുനഃചംക്രമണം സാധ്യമായ വസ്തുക്കൾ പരമാവധി ഉപയോഗിക്കൽ.
- ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കൽ നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക.
- പ്രസ്തുത വിഷയത്തിലുള്ള സർക്കാർ ചട്ടങ്ങൾ (കൃത്യമായി പാലിക്കുക) ഇ-മാലിന്യങ്ങൾ പ്രത്യേകം സംഭരണികളിൽ സൂക്ഷിച്ച് അംഗീകാരമുള്ള പാഴ് വസ്തു വ്യാപാരികൾക്കോ ക്ലീൻ കേരള കമ്പനിക്കോ കൈമാറുക



*മാലിന്യ പ്ലാന്റ് പുനരുദ്ധാരണ ഉദ്ഘാടനം ഹരിത കേരള മിഷൻ സംസ്ഥാന കോർഡിനേറ്റർ ടി എൻ സീമ നിർവഹിക്കുന്നു.*